<u>പതിമൂന്നാം കേരള നിയമസഭ</u>

<u>പതിനൊന്നാം സമ്മേളനം</u>

**നക്ഷത്ര ചിഹ്നമിടാത്ത** **09-06-2014- ൽ മറുപടിക്ക്**

**ചോദ്യം നമ്പർ: 110**

## <u>തീരദേശ കപ്പൽ ഗതാഗതം</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. പി.റ്റി.എ. റഹീം | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) തീരദേശ കപ്പൽ ഗതാഗതത്തിന്റെ ഭാഗമായി യാത്രാ കപ്പൽ സർവ്വീസ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഏതെല്ലാം റൂട്ടുകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) തുടക്കത്തിൽ കൊച്ചിയ്ക്കും വിഴിഞ്ഞത്തിനും ഇടയ്ക്കാണ് യാത്രാക്കപ്പൽ സർവ്വീസ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്. അത് വിജയകരമാണെന്ന് കാണുന്ന പക്ഷം ബേപ്പൂർ തുറമുഖത്തേക്കുകൂടി വ്യാപിപ്പിക്കുന്നതിന് പദ്ധതിയുണ്ട്. |
| (സി) പ്രസ്തുത പദ്ധതി നടപ്പിലാക്കിയാൽ തിരുവനന്തപുരം മുതൽ കോഴിക്കോട് വരെ യാത്ര ചെയ്യാൻ എത്ര സമയം വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇതിന് എത്ര രൂപയുടെ ടിക്കറ്റ് നിരക്കാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (സി) പ്രസ്തുത പദ്ധതിയിലൂടെ ആദ്യഘട്ടത്തിൽ കൊച്ചി വരെയുള്ള യാത്രാക്കപ്പൽ സർവ്വീസ് ആണ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്. ആയതിനാൽ കോഴിക്കോട് വരെ യാത്ര ചെയ്യാൻ ആവശ്യമായ സമയവും ടിക്കറ്റ് നിരക്കും കണക്കാക്കിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**